**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 710** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ മണ്ഡലത്തിലെ വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിലെ തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആർ. കെ. വി. വൈ. പദ്ധതി പ്രകാരം 29.20 ലക്ഷം രൂപ വിനിയോഗിച്ച് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനായുള്ള നടപടികളുടെ അക്രെഡിറ്റഡ് ഏജൻസി ആരാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** ഇതിനായി സർക്കാർ അക്രെഡിറ്റഡ് ഏജൻസി Artisans Development Co-operative Limited (ARTCO) എന്ന സ്ഥാപനത്തെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പ്രവൃത്തിയിൽ 9 കി.മീ. സോളാർ ഫെൻസിംഗ് സ്ഥാപനം പൂർത്തിയാക്കിയിട്ടുണ്ട്.

**(ബി)** തെന്മല ഫോറസ്റ്റ് മേഖലയിൽ, ആനക്കിടങ്ങ് പ്രായോഗികമല്ലാത്ത ഭാഗത്ത് 15 കി. മീ. ദൂരം സോളാർ വേലി നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

**<u>മറുപടി:</u>** വനമേഖലകളിൽ ആനക്കിടങ്ങ് പ്രായോഗികമല്ലാത്ത ഭാഗത്ത് NABARD സ്കീം മുഖേന , സോളാർ വേലി നിർമ്മിക്കുന്നതിനായി വിവിധ സർക്കിൾ തലങ്ങളിലെ പ്രൊപ്പോസലുകൾ ഏകീകരിച്ച് ഒറ്റ പ്രൊപ്പോസലായി തയ്യാറാക്കി വരുന്നു . ആയതിൽ തെന്മലയും ഉൾപ്പെടുന്നു .

**(സി)** പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട വനാതിർത്തിയിലെ മനുഷ്യ - വന്യജീവി സംഘർഷം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട തെന്മല ഡിവിഷനിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആനക്കിടങ്ങ് എന്നിവ നിർമ്മിച്ചു വരുന്നു.

ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 133.50 ലക്ഷം രൂപ ചെലവിൽ 11.30 കി.മീ. ദൂരം ഹൈബ്രിഡ് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ

ആരംഭിച്ചിട്ടുണ്ട്.

പുനലൂർ ഡിവിഷനിൽ 2025-26 വർഷത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചൽ ഫോറസ്റ്റ് റെയിഞ്ച് പരിധിയിൽ ഉൾപ്പെട്ട പൂമ്പാറ മുതൽ 15 ഏക്കർ വരെയുള്ള 2.50 കി.മീ. നീളത്തിൽ 29.26 ലക്ഷം രൂപ ചെലവിലും, 16 ഏക്കർ മുതൽ മരുതിമൂട് വരെ 2.5 കി.മീ. നീളത്തിൽ 29.26 ലക്ഷം രൂപ ചെലവിലും ഹൈബ്രിഡ് ഹാംഗിംങ് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

പുനലൂർ മണ്ഡലത്തിൽപ്പെട്ട അച്ചൻകോവിൽ, കല്ലാർ ഫോറസ്റ്റ് റെയിഞ്ചുകളുടെ അധികാര പരിധിയിൽ വരുന്ന വനാതിർത്തി പ്രദേശങ്ങളിൽ NABARD-RIDF-Tranche-XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 500 മീറ്റർ ആനക്കിടങ്ങ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും, 13 കി.മീ. സോളാർ തൂക്കുവേലി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**